**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **19-01-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്കുള്ള സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്ക് അർഹമായ സ്ഥാനക്കയറ്റം നൽകണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്ക് അർഹമായ സ്ഥാനകയറ്റം നൽകണമെന്ന് ബഹു. സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടില്ല. 1994 -ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ നടപ്പിലാക്കിയപ്പോൾ ആയതിന് 01.01.1990 തീയതി മുൻകാല പ്രാബല്യം നൽകിയിരുന്നു. പ്രസ്തുത തീയതി പ്രാബല്യത്തിൽ വകുപ്പിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയത് സംബന്ധിച്ചും ആയതിൽ ക്വാട്ട റൂൾ പാലിക്കുന്നത് സംബന്ധിച്ചും അന്ന് വകുപ്പിൽ നിലവിലുണ്ടായിരുന്ന വകുപ്പ് വിഭാഗം ജീവനക്കാരും രണ്ടാം ഗ്രേഡ് എക്സിക്കുട്ടീവ് ഓഫീസർമാരും തമ്മിലുണ്ടായിരുന്ന വ്യവഹാരം ആണ് ബഹു. സുപ്രീം കോടതിയുടെ 29/03/2017 -ലെ സിവിൽ അപ്പീൽ നം.5203/2016, 5204/16, 5205/16, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ 02.08.2018-തീയതിയിലെ അന്തിമ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ റ്റി.എ.നം. 171/2013 & ഒ.എ.നം. 1002/2014, 1375/2014, 735/2014 എന്നീ ഹർജ്ജികളിലെ 06.03.2015 തീയതിയിലെ അന്തിമ ഉത്തരവ് ശരി വയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ 01.01.1990 തീയതി മുതലുള്ള മുഴുവൻ സീനിയോറിറ്റി പട്ടികകളും പുതുക്കി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിക്കാൻ അർഹരായവരുടെ സീനിയോരിറ്റി ലിസ്റ്റ് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ റ്റി.എ.നം. 171/2013 & ഒ.എ.നം. 1002/2014, 1375/2014, 735/2014 എന്നീ ഹർജ്ജികളിലെ 06.03.2015 തീയതിയിലെ അന്തിമ ഉത്തരവ്, ബഹു. സുപ്രീം കോടതിയുടെ 29/03/2017 -ലെ സിവിൽ |

| | | | |
|---|---|---|---|
| | | | അപ്പീൽ നം.5203/2016, 5204-5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ 01.01.1990 തീയതി മുതലുള്ള മുഴുവൻ സീനിയോറിറ്റി പട്ടികകളും പുതുക്കി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ബഹു.സുപ്രീം കോടതിയുടെ വിധി പ്രകാരം ഈ വകപ്പിൽ നിന്നും പ്രസിദ്ധീകരിച്ച ഉത്തരവുകളിൽ മേൽ പറഞ്ഞ സീനിയോറിറ്റി പുനഃക്രമീകരണങ്ങൾ 1994 -ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ 3 -ാം ചട്ടം 2-ാം ഉപചട്ടത്തിലെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ഉദ്യോഗക്കയറ്റങ്ങൾ ശമ്പള, ബത്ത കുടിശ്ശിക ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്ത തികച്ചും സാങ്കൽപ്പിക ഉദ്യോഗ കയറ്റങ്ങൾ മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. |
| (സി) | ഈ വിധി പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ള റിട്ടയർ ചെയ്തവരുടേയും അല്ലാത്തവരുടേയും എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിൻമേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത വിധിയും തുടർന്ന് പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികകളും അടിസ്ഥാനപ്പെടുത്തി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നീ തസ്തികകളിലെ സ്ഥാനകയറ്റം അനുവദിക്കണമെന്ന് ചൂണ്ടിക്കാണിച്ച് 14 ജീവനക്കാർ സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ഡി) | കോടതി വിധി പുറപ്പെടുവിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും അർഹമായ സ്ഥാനക്കയറ്റം നൽകാതെ കാലതാമസം വരുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ഡി) | സീനിയർ സൂപ്രണ്ടോ അതിനു മുകളിലോ ഉള്ള തസ്തികകളിൽ നിന്നും വിരമിച്ചവരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവ സെലക്ഷൻ തസ്തികകളായതിനാൽ സീനിയോറിറ്റിയുടെ ക്രമാനുഗമം മാത്രം പരിഗണിച്ചല്ല മറിച്ച് ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവുകൂടി വിലയിരുത്തിയാണ് സ്ഥാനക്കയറ്റം നൽകേണ്ടത്. ആയതിനാൽ തന്നെ അകാരണമായകാലതാമസം ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ തടസ്സങ്ങൾ നീക്കി കോടതിവിധി പ്രകാരം അർഹരായ ജീവനക്കാർക്ക് എന്നത്തേക്ക് പ്രമോഷൻ നല്കുമെന്ന് അറിയിക്കാമോ? | (ഇ) | ബഹു. സുപ്രീം കോടതിയുടെ 29/03/2017 -ലെ സിവിൽ അപ്പീൽ നം.5203/2016, 5204/16, 5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ 01.01.1990 തീയതി മുതലുള്ള മുഴുവൻ സീനിയോറിറ്റി പട്ടികകളും പുതുക്കി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയത് ബഹു സുപ്രീം |

| | | | |
|---|---|---|---|
| | | | കോടതി 02.08.2018-ലെ അന്തിമ വിധി ന്യായ പ്രകാരം ശരി വച്ചിട്ടുള്ളതുമാണ് . നിലവിൽ വകുപ്പിലെ അർഹരായ എല്ലാ ജീവനക്കാർക്കും തടസ്സങ്ങളില്ലാതെ സ്ഥാനക്കയറ്റം അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ